**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6528 — 09/07/2014 ൽ മറുപടിയ്ക്ക്

## മലിനീകരണ നിയന്ത്രണ ബോർഡിന്റെ അന്വേഷണ റിപ്പോർട്ടുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പുമന്ത്രി** |
| (എ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസുകളിൽ നിന്ന് സർക്കാരിന് നൽകുന്ന അന്വേഷണ റിപ്പോർട്ടുകൾ പലതും പ്രഹസനമാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) സംസ്ഥാന പരിസ്ഥിതി വകുപ്പ് മലിനീകരണ നിയന്ത്രണ ബോർഡിന് ഇതുസംബന്ധിച്ച് എന്തെങ്കിലും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) യും (ബി) യും | ഉണ്ട്. സർക്കാരിലേക്ക് സമർപ്പിക്കുന്ന ചില റിപ്പോർട്ടുകൾ അവ്യക്തമാണെന്നും അതിനാൽ വ്യക്തത വരുത്തണമെന്നും മലിനീകരണ നിയന്ത്രണ ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ ജില്ലാ/ മേഖലാ ഓഫീസ് മേധാവികൾക്ക് റിപ്പോർട്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കേണ്ട കാര്യങ്ങൾ നിഷ്കർഷിച്ചുകൊണ്ട് സർക്കുലർ നൽകിയിട്ടുണ്ട്. മലിനീകരണം സംബന്ധിച്ച് പരാതി ലഭിച്ചാൽ അന്വേഷണം നടത്തി മലിനീകരണം കുറയ്ക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ പ്രസ്തുത സ്ഥാപനത്തിനു നൽകി നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തി ഫലപ്രാപ്തിയുണ്ടായെന്ന് ഉറപ്പാക്കേണ്ടതുണ്ട്. നൽകുന്ന നിർദ്ദേശങ്ങളിൽ പലതിനും അധിക സംവിധാനം ഏർപ്പെടുത്തി പ്രവർത്തനക്ഷമമാക്കുവാൻ സമയം അനുവദിക്കേണ്ടതായി വരാറുണ്ട്. ആകയാൽ അടിയന്തരമായി സർക്കാരിൽ സമർപ്പിക്കേണ്ട റിപ്പോർട്ടിൽ പരാതിയുടെ പൂർണ്ണമായ പരിഹാരം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിടുന്നുണ്ട്. |
| (സി) പരിശോധകരെ സ്വാധീനിച്ച് അനുകൂല റിപ്പോർട്ടുകൾ അയയ്ക്കുന്നത് തടയാനും പരാതികളിൽ ന്യായമായ തീരുമാനം ഉണ്ടാക്കാനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പരിശോധകരെ സ്വാധീനിച്ച് അനുകൂല റിപ്പോർട്ടുകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ